(സി) സൂപ്പർ ക്ലോറിനേഷൻ നടത്തി അണുവിമുക്തമാക്കിയ ജല മാണ് വിതരണം ചെയ്യുന്നത്. ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാ നവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്. ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ ആഭിമുഖ്യ ത്തിൽ പമ്പയിലും സന്നിധാനത്തും ശുചീകരണം നടത്തുന്നതിന് തമിഴ്നാ ട്ടിൽ നിന്നും കൊണ്ടുവന്ന 500 തൊഴിലാളികളെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തന മേൽനോട്ടത്തിനായി രണ്ട് ഡെപ്യൂട്ടി കളക്ടർമാരുടെയും 4 തഹ സീൽദാർമാരുടെയും നേതൃത്വത്തിൽ റവന്യൂ/ഹെൽത്ത്/വികസന വകുപ്പുക ളിലെ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്. 2130 ട്രെഞ്ച് ലാട്രിനുകൾ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കോടതി ഉത്തരവനുസരിച്ച് പ്ലാസ്റ്റിക് കൂടുകൾ. പുകവലി എന്നിവയും നിരോധിച്ചിട്ടുണ്ട്.

(ഇ) ഭക്തജനങ്ങൾക്ക് മിതമായ നിരക്കിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഭക്ഷണ സാധനങ്ങളുടെ വില ജില്ലാ കളക്ടർ നിശ്ചയിക്കുകയും ഹോട്ടലുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിലവി വരപട്ടിക അനുസരിച്ചുള്ള വില മാത്രമേ ഈടാക്കുകയുള്ളൂ എന്ന് ഉറപ്പുവരു ത്തുവാൻ സ്കാഡുകളും നിയോഗിച്ചിട്ടുണ്ട്.

8 (*64) നികുതി വെട്ടിപ്പ് തടയാൻ നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് ഇതുവരെ നികുതി വെട്ടിപ്പുനടത്തിയ എത്ര കേസ്സുകൾ കണ്ടുപിടിച്ചിട്ടുണ്ട്;

(ബി) വിൽപ്പന നികുതി, വെട്ടിപ്പ് നടത്തിയ എത്ര കേസ്സുകൾ ഈ കാലയളവിൽ കണ്ടുപിടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നികുതി വെട്ടിപ്പ് നടത്തിയവർക്കെതിരെ എന്തെല്ലാം നടപടി കൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; ഇവരിൽ നിന്ന് പിഴയിനങ്ങളിൽ എന്തു തുക ഈടാക്കി;

(ഡി) നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ)&(ബി) സംസ്ഥാനത്ത് നടപ്പു സാമ്പത്തികവർഷം ഇതുവരെ നികുതി വെട്ടിപ്പ് നടത്തിയ 25,26,370 കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട്. മൊത്തം 58,26,05,000 രൂപയുടെ വിൽപ്പന നികുതി വെട്ടിപ്പ് കണ്ടുപിടിച്ചിട്ടുണ്ട്.

(സി) നികുതി വെട്ടിപ്പ് നടത്തിയവർക്കെതിരെ വിൽപ്പന നികുതിനിയ മത്തിലെ സെക്ഷൻ 45 എ. 29 എ. പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചില കേസുകളിൽ വെട്ടിച്ച നികുതിതുകയുടെ തുല്യമായ തുക കോമ്പൗണ്ടിംഗ് ഫീസായി 73,71,500 രൂപയും പെനാൽറ്റിയായി 7,16,31,946 രൂപയും കളക്ട് ചെയ്തിട്ടുണ്ട്.

885/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനായി ചരക്കുവണ്ടികൾ, വാണിജ്യസ്ഥാപനങ്ങൾ, പാഴ്സൽ ആഫീസ് തുടങ്ങി വിവിധ സ്ഥാപനങ്ങളിലെ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്.

9 (*65) ശബരിമല തീർത്ഥാടകർക്ക് ഒരുക്കേണ്ട സൗകര്യങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. കെ. അച്യുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരുക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഈ രൂപരേഖ നടപ്പാക്കുന്നതിന് ഏതെല്ലാം വകുപ്പിന്റെ സഹായം ആവശ്യമാണ്;

(ഡി) ഈ രൂപരേഖ അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിയെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) ശബരിമല തീർത്ഥാടനകാലത്ത് തീർത്ഥാടകർക്കുവേണ്ടി ഒരുക്കേണ്ട സൗകര്യങ്ങളെ സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കുകയും ദേവസ്വംബോർഡ് അധികാരികൾ, സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ജില്ലാ കളക്ടർമാർ എന്നിവരെ പങ്കെടുപ്പിച്ച് മുഖ്യമന്ത്രിതലത്തിലും ദേവസ്വംവകുപ്പുമന്ത്രി തലത്തിലും ആരോഗ്യവകുപ്പുമന്ത്രി തലത്തിലും, ശബരിമല ഉത്സവങ്ങളുടെ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേഷനുവേണ്ടി സർക്കാർ നിയമിച്ച ചീഫ് കോ-ഓർഡിനേറ്റർ തലത്തിലും പ്രത്യേകം പ്രത്യേകം യോഗങ്ങൾ കൂടി ഓരോ വകുപ്പും ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ എന്തെന്ന് നിശ്ചയിച്ച് ആവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

(സി) ദേവസ്വംബോർഡിനു പുറമെ, പോലീസ്, വനംവകുപ്പ്, പൊതുമരാമത്തുവകുപ്പ്, ആരോഗ്യവകുപ്പ്, ഫയർഫോഴ്സ്, ഇറിഗേഷൻ വകുപ്പ്, എക്സൈസ് വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളും, കെ. എസ്.ആർ.ടി.സി. വൈദ്യുതിബോർഡ്, വാട്ടർ അതോറിറ്റി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, സിവിൽസപ്ലൈസ് കോർപ്പറേഷൻ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും ടെലികമ്യൂണിക്കേഷൻസ്, ദൂരദർശൻ, ആകാശവാണി, തപാൽ വകുപ്പ് തുടങ്ങിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളും അയ്യപ്പാസേവാസംഘം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി എന്നീ സന്നദ്ധസംഘടനകളുടേയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

(ഡി) വിവിധ വകുപ്പുകൾ, തീർത്ഥാടകർക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly